# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 556** 07.01.2014-ലെ മറുപടിക്ക്

## കടപ്പത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | തന്നാണ്ടിൽ ഏതെല്ലാം തീയതികളിലായി എന്തു തുകയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ; | തന്നാണ്ടിൽ 2013 ഡിസംബർ 31 വരെ 9700 കോടി രൂപയ്ക്കുള്ള കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-1 ൽ ചേർക്കുന്നു. |
| (ബി) | ഏതെല്ലാം ആവശ്യങ്ങൾ മുൻ നിർത്തിയാണ് കടപ്പത്രം പുറപ്പെടുവിച്ചിരുന്നത് ; കടപ്പത്രത്തിലൂടെ സമാഹരിച്ച തുക, അതേ ആവശ്യത്തിനുതന്നെ ഉപയോഗിക്കുകയുണ്ടായോ ; | സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (സി) | മറ്റെന്തെല്ലാം നിലയിൽ എന്ത് തുക തന്നാണ്ടിൽ കടം എടുത്തിട്ടുണ്ട് ; ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക വീതം എന്ന് വിശദമാക്കാമോ ; | ഈ സാമ്പത്തിക വർഷം 2013 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം നബാർഡിൽ നിന്നും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി 218.56 കോടി രൂപയും, വിദേശ ഏജൻസികളിൽ നിന്ന് വിവിധ പദ്ധതികൾക്കായി 263.06 കോടി രൂപയും ദേശീയ ലഘുസമ്പാദ്യ പദ്ധതികളിൽ നിന്നും 49.39 കോടി രൂപയും കടമെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2, അനുബന്ധം-3 എന്നിവയിൽ കൊടുത്തിരിക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന പൊതുകടം എത്ര കോടിയുടേതായിരുന്നു ; അതിപ്പോൾ എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ട് തന്നാണ്ടിൽ എന്തു തുക ഇനിയും കടമെടുക്കാൻ ഉദ്ദേശിക്കുന്നു ? | ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന പൊതുകടം 78673.24 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 30.11.2013 വരെ ഇത് 102684.93 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. കടമെടുക്കാൻ അനുവദിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നുമാത്രമേ കടമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

2013-14 ൽ പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ വിശദാംശം

| കടപ്പത്രം പുറപ്പെടുവിച്ച തീയതി | കടപ്പത്രത്തിന്റെ മൂല്യം (കോടിയിൽ) |
|---|---|
| 25.04.2013 | 1000 |
| 08.05.2013 | 500 |
| 22.05.2013 | 500 |
| 19.06.2013 | 1000 |
| 03.07.2013 | 500 |
| 01.08.2013 | 1600 |
| 28.08.2013 | 1100 |
| 09.10.2013 | 750 |
| 23.10.2013 | 500 |
| 06.11.2013 | 500 |
| 20.11.2013 | 750 |
| 04.12.2013 | 500 |
| 18.12.2013 | 500 |
| ആകെ | 9700 |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

## വിദേശവായ്പകൾ

| ക്രമനം | പദ്ധതികൾ | വിദേശ ഏജൻസി | വായ്പ എടുത്ത തീയതികൾ | 1.4.2013 മുതൽ 31.10.2013 വരെ എടുത്ത വായ്പ (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | നാഷണൽ ഹൈഡ്രോളജി പദ്ധതി II | ലോകബാങ്ക് | 22/05/13, 07.06.2013, 14.08.2013, 29.08.2013 | 126.4 |
| 2 | കെ.എസ്.യു.ഡി.പി | എ.ഡി.ബി | 23.04.2013, 26.04.2013, 14.05.2013, 15.07.2013, 13.07.2013, 30.07.2013, 04.10.2013, 09.10.2013, 11.10.2013, 24.10.2013, 28.10.2013 | 4575.45 |
| 3 | കേരള വാട്ടർ സപ്ലൈ പദ്ധതി II | ജിക്ക | 17.04.2013, 09.05.2013, 12.06.2013 | 364.37 |
| 4 | കേരള വാട്ടർ സപ്ലൈ പദ്ധതി III | ജിക്ക | 12.06.2013, 25.06.2013, 27.06.2013, 16.07.2013, 18.07.2013, 22.07.2013, 24.07.2013, 17.08.2013, 09.09.2013, 10.10.2013, 14.10.2013 | 5469.51 |
| 5 | കെ.എൽ.ജി.എസ്.ഡി.പി | ലോകബാങ്ക് | 07/02/13 | 14208.63 |
| 6 | ഡ്രിപ്പ് | ലോകബാങ്ക് | 01.05.2013, 02.07.2013, 22.08.2013 | 179.85 |
| 7 | ജലനിധി പദ്ധതി II | ലോകബാങ്ക് | 12.04.2013, 04.10.2013 | 1382.22 |
| | ആകെ വായ്പ | | | 26306.43 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 3

നബാർഡിൽ നിന്നുള്ള വായ്പകൾ

| ക്രമ നം. | തീയതി | 01.04.2013 മുതൽ 31.12.2013 വരെയുള്ള കാലയളവിൽ എടുത്ത വായ്പ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | 03.09.2013 | 6274.62 |
| 2. | 04.09.2013 | 1604.55 |
| 3. | 05.09.2013 | 2684.91 |
| 4. | 25.09.2013 | 4036.76 |
| 5. | 27.09.2013 | 1632.61 |
| 6. | 31.10.2013 | 783.03 |
| 7. | 08.10.2013 | 1370.72 |
| 8. | 22.10.2013 | 240.97 |
| 9. | 04.12.2013 | 500.04 |
| 10. | 11.12.2013 | 957.33 |
| 11. | 13.12.2013 | 1212.56 |
| 12. | 26.12.2013 | 558.36 |
| ആകെ വായ്പ | | 21856.46 |

ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകൾ

| ക്രമ നം. | തീയതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 07.10.2013 | 4939.00 |

സെക്ഷൻ ഓഫീസർ